പാരിപ്പള്ളി-മടത്തറ റോഡിന്റെ പുനരുദ്ധാരണ പ്രവർത്തി

157 [1398] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചടയമംഗലം നിയോജകമണ്ഡലത്തിലെ പ്രധാന റോഡായ പാരിപ്പള്ളി-മടത്തറ റോഡിന്റെ പുനരുദ്ധാരണ പ്രവർത്തി ഏറ്റെടുത്ത കരാറുകാരൻ പ്രസ്തുത പണി തൃപ്തികരമായി ചെയ്യുന്നതിൽ വീഴ്ചവരുത്തുകയും അനാവശ്യമായ കാലതാമസം വരുത്തുകയും ചെയ്തിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചു ;

(സി) പ്രസ്തുത റോഡിന്റെ പുനരുദ്ധാരണ ജോലികൾ ഈ സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത പണി തൃപ്തികരമായി പൂർത്തിയാക്കുന്നതിൽ വീഴ്ച വരുത്തിയതിന്റെ അടിസ്ഥാനത്തിൽ 10-11-2003-ൽ ടി കോണ്ട്രാക്ട് ക്യാൻസൽ ചെയ്യുകയും പിന്നീട് 4-12-2003-ൽ ചീഫ് എഞ്ചിനീയറുടെ നിർദ്ദേശപ്രകാരം തയ്യാറാക്കിയ പ്രോഗ്രാം ചാർട്ടിന്റെ അടിസ്ഥാനത്തിൽ പണി തീർക്കുവാൻ വേണ്ടി ക്യാൻസൽ ചെയ്ത ഉത്തരവ് പിൻവലിക്കുകയും ചെയ്തു. എന്നാൽ ഈ ചാർട്ട് പ്രകാരം പണി നടക്കാത്തതിനാൽ 5-7-2004-ൽ വീണ്ടും കോണ്ട്രാക്ട് ക്യാൻസൽ ചെയ്തു. പിന്നീട് ഉണ്ടായ ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഈ വർക്കിന്റെ കാലാവധി 31-5-2005 വരെ ആദ്യ കരാറുകാരന് തന്നെ നീട്ടി നൽകിയിരിക്കുകയാണ്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

ഹരിപ്പാട് മണ്ഡലത്തിൽപ്പെട്ട മരാമത്ത് വകുപ്പ് റോഡുകളുടെ അറ്റകുറ്റപ്പണികൾ

158 [1399] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് മണ്ഡലത്തിൽപ്പെട്ട ഏതെല്ലാം മരാമത്ത് വകുപ്പ് റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാണ് ഇപ്പോൾ നടപടികൾ സ്വീകരിച്ചുവരുന്നത് എന്ന് അറിയിക്കുമോ ;

(ബി) ഇതുസംബന്ധിച്ച നടപടികൾ ഓരോന്നും ഏത് ഘട്ടത്തിൽ ആണെന്നുള്ള വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly